**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4099**
**12.11.2019 ലെ മറുപടിയ്ക്ക്**

**<u>പങ്കാളിത്ത പെൻഷൻ പിൻവലിക്കൽ</u>**

| ചോദ്യം : **ശ്രീ. സി.മമ്മൂട്ടി** എം.എൽ.എ | | ഉത്തരം : **ഡോ.തോമസ് ഐസക്ക്** (ബഹു.ധനകാര്യ വകുപ്പ് മന്ത്രി) |
|---|---|---|
| എ | ഏത് നിയമമനുസരിച്ചാണ് പങ്കാളിത്ത പെൻഷനിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ഡി.സി.ആർ.ജി. ഒഴിവാക്കിയത് എന്ന് വ്യക്തമാക്കുമോ; | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് ഡി.സി.ആർ.ജി അനുവദിക്കുന്ന വിഷയം പുനഃപരിശോധന സമിതിയുടെ പരിഗണനാ വിഷയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| ബി | പങ്കാളിത്ത പെൻഷൻ പിൻവലിക്കുവാൻ എൻ.പി.എസ്.ട്രസ്റ്റ്,എൻ.എസ്.ഡി.എൽ. എന്നിവരുമായി സർക്കാർ എത്ര തവണ ചർച്ച നടത്തി; ചർച്ചയിൽ എന്തൊക്കെ വിഷയങ്ങളാണ് ഉൾപ്പെടുത്തിയത്; ചർച്ചയിൽ എന്തെങ്കിലും തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ; | ഇക്കാര്യത്തിൽ സർക്കാർ എൻ.പി.എസ്.ട്രസ്റ്റ്, എൻ.എസ്.ഡി.എൽ. എന്നിവരുമായി ചർച്ചകളൊന്നും തന്നെ നടത്തിയിട്ടില്ല. |
| സി | പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ കമ്മിറ്റി എന്നു മുതൽ സർവ്വീസ് സംഘടനകളുമായിട്ടുള്ള ചർച്ചകൾ ആരംഭിക്കും; സമിതിയുടെ മുമ്പാകെ വിശദീകരണങ്ങൾ നൽകുവാനുള്ള മാർഗ്ഗങ്ങൾ വിശദമാക്കാമോ; | പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതി സർവ്വീസ് സംഘടനകളുമായുള്ള ചർച്ചകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംഘടനകൾക്ക് സമിതിയ്ക്കുമുമ്പാകെ നേരിട്ടും, ഇ-മെയിൽ/കത്ത് മുഖാന്തിരവും വിശദീകരണങ്ങൾ നൽകാവുന്നതാണ്. |
| ഡി | പങ്കാളിത്ത പെൻഷൻ പിൻവലിക്കുന്നതിന് നിയമപരമായി എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ അത് എങ്ങനെ മറികടക്കാനാകും എന്ന് അറിയിക്കുമോ; | പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച സാമ്പത്തിക നിയമ വശങ്ങൾ വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് സർക്കാർ പുനഃപരിശോധനാ സമിതിയെ നിയമിച്ചിട്ടുള്ളത്. |
| ഇ | പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതി രൂപീകരിച്ച് ഇതുവരെയായി എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | പരിഗണനാ വിഷയങ്ങൾ പ്രകാരമുള്ള പ്രാഥമിക ചർച്ചകൾ ബന്ധപ്പെട്ട എല്ലാവരുമായി നടത്തുന്നതിന് തീരുമാനമെടുത്ത് നടപടികൾ പുരോഗമിക്കുകയാണ്. |

| | | |
|---|---|---|
| എഫ് | പങ്കാളിത്ത പെൻഷൻ പുനഃ പരിശോധനാ സമിതി അംഗങ്ങൾക്ക് ഇതുവരെ നൽകിയ ശമ്പളം എത്ര; കമ്മീഷനു വേണ്ടി ഇതുവരെ ചെലവാക്കിയ മൊത്തം തുക വെളിപ്പെടുത്താമോ; | പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാ സമിതി അംഗങ്ങൾക്ക് ഇതുവരെ ശമ്പളം നല്കിയിട്ടില്ല.കൂടാതെ കമ്മീഷനു വേണ്ടി ഇതുവരെ തുക ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല. |
| ജി | പങ്കാളിത്ത പെൻഷൻ നയം പുനഃപരിശോധന നടത്താൻ സമിതിയെ നിയമിക്കുകയും എന്നാൽ സമിതി റിപ്പോർട്ട് വരുന്നതിനുമുമ്പ് നിർബ്ബന്ധപൂർവ്വം ജീവനക്കാരെ എൻ.പി.എസ്.ൽ ചേരാൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; പി.എഫ്.ആർ.ഡി.എ. നിയമം പിൻവലിച്ചാൽ മാത്രമേ പങ്കാളിത്ത പെൻഷൻ പിൻവലിക്കാൻ സാധിക്കുകയുള്ളൂ എന്നത് ശരിയായ വസ്തുതയാണോ; വ്യക്തമാക്കുമോ? | 31.03.2013 വരെ കെ.എസ്.ആർ ഭാഗം III പെൻഷൻ ബാധകമാകുന്ന വിഭാഗങ്ങളിൽ 01-04-2013 – നോ അതിന് ശേഷമോ നിയമിതരാകുന്ന മുഴുവൻ ജീവനക്കാർക്കും പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കി സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്. ഈ വിഷയം പുനഃപരിശോധിക്കുന്നതിനായി നിയമിച്ചിട്ടുള്ള സമിതിയുടെ റിപ്പോർട്ടിന്മേൽ സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതുവരെ തൽസ്ഥിതി തുടരുന്നതാണ്. |

**സെക്ഷൻ ഓഫീസർ**